പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3822

17.10.2011-ൽ മറുപടിയ്ക്ക്

**<u>ആശ്രിതനിയമനം നിയമപരമായി ഉറപ്പുവരുത്താൻ നടപടി</u>**

<u>ചോദ്യം</u>

ശ്രീ.കെ. ദാസൻ

<u>ഉത്തരം</u>

ശ്രീ. വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) | ദേവസ്വം ബോർഡ് നിയമനത്തിന് പ്രത്യേക നിയമങ്ങൾ നിലവിലുണ്ടോ; എങ്കിൽ അത് വിശദമാക്കാമോ: | (എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അഡ്മിനിസ്ട്രേറ്റീവ് തസ്തികയിലേക്കുള്ള നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് കൈമാറുന്നതിന് നിയമം രൂപീകരിച്ചിട്ടുള്ളതാണ്. ബാക്കിയുള്ള തസ്തികകളിലേയ്ക്ക് ദേവസ്വം ബോർഡ് നേരിട്ടാണ് നിയമനം നടത്തുന്നത്. മലബാർ ദേവസ്വം ബോർഡിൽ അഡ്മിനിസ്ട്രേറ്റീവ് തസ്തികയിലേക്കുള്ള നിയമനങ്ങൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർത്തലാക്കിയ ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിലെ ജീവനക്കാർ 'Vanishing Category' ആയി തുടർന്നുവരികയാണ്. കൊച്ചിൻ ദേവസ്വം ബോർഡിൽ എസ്റ്റാബ്ലിഷ്മെൻറ് വിഭാഗം ജീവനക്കാർക്കുള്ള റിക്രൂട്ട്മെൻറ് റൂളുകൾ തയ്യാറാക്കിവരുന്നു. |
| (ബി) | ആശ്രിത നിയമനം പരിരക്ഷിക്കുന്ന വ്യവസ്ഥ പ്രസ്തുത നിയമനങ്ങളിൽ ഉണ്ടോ; എങ്കിൽ ആശ്രിത നിയമനം നിയമപരമായി ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ? | (ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ആശ്രിത നിയമനത്തിന് പ്രത്യേകം സ്ക്കീം നിലവിലുള്ളതിൻ പ്രകാരം പ്രതിവർഷം ഉണ്ടാകുന്ന ഒഴിവിൻെറ 10% മരിച്ചവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന വ്യവസ്ഥ പ്രകാരം നീക്കിവച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിൽ ആശ്രിത നിയമന പ്രകാരം ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച് പ്രത്യേകം നിയമം രൂപീകരിച്ചിട്ടില്ല. കൊച്ചിൻ ദേവസ്വം ബോർഡിൽ റിക്രൂട്ട്മെൻറ് റൂളുകൾ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ